# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം,തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ് – ഡോ.അശ്വതി ഉണ്ണികൃഷ്ണൻ, **PEN:982909**,അസിസ്റ്റന്റ് സർജൻ - അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1 . കാരണം കാണിക്കൽ നോട്ടീസ് നമ്പർ DHS/19994/2025-EA3 തീയതി. 12.12.2025

2.Letter DMOH-PKD/4924/2025-A1 Dated:13.08.2025

## ഉത്തരവ് നം. DHS/19994/2025-EA3 തീയതി.28-05-2026

പിജി ഉപരിപഠനത്തിനുശേഷം പാലക്കാട് ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ **Order No :EA2-5595/2025/DHS Dated:28.02.2025** ഉത്തരവ് പ്രകാരം നിയമനം ലഭിച്ച ഡോ.അശ്വതി ഉണ്ണികൃഷ്ണൻ പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതിനാൽ ടിയാളുടെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ലെന്ന് വിലയിരുത്തുകയും 1958 ലെ കേരള സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം II ചട്ടം 19 (a) (ii) പ്രകാരം പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താത്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് ടിയാളുടെ മേൽവിലാസത്തിലേയ്ക്ക് അയക്കുകയും ചെയ്തുവെങ്കിലും അക്നോളജ്മെന്റ് കാർഡ് തിരികെ ലഭ്യമാകുകയോ മറുപടി ലഭ്യമാകുകയോ ചെയ്തിട്ടില്ല. ടി സാഹചര്യത്തിൽ ഡോ.അശ്വതി ഉണ്ണികൃഷ്ണൻ ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി പരാമർശം (1) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ടിയാളുടെ അറിവിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസുമായി ബന്ധപ്പെട്ട് ഡോ.അശ്വതി ഉണ്ണികൃഷ്ണൻ, **PEN:982909**,അസിസ്റ്റന്റ് സർജൻ ന് എന്തെങ്കിലും

ബോധിപ്പിക്കുവാനുണ്ടെങ്കിൽ ടി ഉത്തരവ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തിനകം ആരോഗ്യ വകുപ്പ് ഡയറക്ടറെ രേഖാമൂലം ബോധിപ്പിക്കാവുന്നതാണ്. അല്ലാത്ത പക്ഷം ഇനിയൊരറിയിപ്പ് കൂടാതെ പ്രൊബേഷൻ ആവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നറിയിക്കുന്നു.

Digitally signed by
Reena K J
Date: 28-05-2026
10:33:07

Dr REENA K J

DIRECTOR OF HEALTH SERVICES

സ്വീകർത്താവ്,

Dr.Aswathy Unnikrishnan

Brahmaputhra House

Clint Road

Ernakulam

Ambalamedu P.O

PIN:682303(വെബ് സൈറ്റ് മുഖാന്തരം)

പകർപ്പ്,

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

2. ഫയൽ

**രജിസ്റ്റേർഡ് (എഡി സഹിതം)**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035**

**ഫോൺ. 0471-2302490, 2303025**

**ഇമെയിൽ:dhskerala.hlth@kerala.gov.in വെബ്സൈറ്റ്:www.dhs.kerala.gov.in**

**No.DHS/19994/2025-EA3 Date:12-12-2025**

**കാരണം കാണിക്കൽ നോട്ടീസ്**

പിജി ഉപരിപഠനത്തിനുശേഷം പാലക്കാട് ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ Order No :EA2-5595/2025/DHS/ Dated:28-02-2025 ഉത്തരവ് പ്രകാരം നിയമനം ലഭിച്ച ഡോ.അശ്വതി ഉണ്ണികൃഷ്ണൻ ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്ന് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു .06.05.2024 നു കാസറഗോഡ് ബേഡഡുക്ക താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സേവനത്തിൽ പ്രവേശിക്കുകയും പിജി ഉപരിപഠനത്തിനായി അന്ന് തന്നെ വിടുതൽ ചെയ്ത താങ്കൾ പ്രൊബേഷണർ ആണ്. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയുകയില്ല. ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

( 2 ) ടി തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് 15 (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും

ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Reena K J
Date: 12-12-2025 16:53:02

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

Dr.Aswathy Unnikrishnan
Brahmaputhra House
Clint Road
Ernakulam
Ambalamedu P.O
682303(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),പാലക്കാട്
3. സൂപ്രണ്ട്,താലൂക്ക് ആശുപത്രി ഒറ്റപ്പാലം, പാലക്കാട്.
   (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ